1950 പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പ്രസാദത്തിന് ഫുഡ് സേഫ്റ്റി പരിശോധന നടത്താറില്ല. എന്നാൽ ശബരിമലയിൽ പ്രസാദ നിർമ്മാണത്തിന് ലഭ്യമാക്കുന്ന ശർക്കര, ഉണക്കലരി മുതലായ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. പ്രസാദ നിർമ്മാണത്തിനുശേഷം ഗുണനിലവാരം പരിശോധിക്കേണ്ട ആവശ്യമില്ല. എങ്കിലും ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം ഫുഡ് സേഫ്റ്റി വിഭാഗം മോയിസ്റ്റർ കണ്ടെന്റ് പരിശോധിക്കാറുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഫുഡ് സേഫ്റ്റി ലൈസൻസ് ഇല്ല.

അനുഷ്ഠാനകലകൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്കുള്ള പ്രതിഫല തുക

133 (825) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ എന്നിവ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് ദക്ഷിണ/ പ്രതിഫലമായി എന്ത് തുകയാണ് ദേവസ്വം ബോർഡിൽനിന്നും നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിരക്ക് എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഏതൊക്കെ അനുഷ്ഠാന കലകളാണ് ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് നടത്താറുള്ളത് ; ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പ്രതിഫല നിരക്ക് എത്രയാണ് ;

(ഡി) ആദ്യകാല കലാരൂപങ്ങളായ കഥകളി, ഹരികഥ എന്നിവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി ഇവയ്ക്ക് നൽകുന്ന പ്രതിഫലത്തുക കാലാനുസൃതമായി പരിഷ്കരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് കഥകളി, ഹരികഥ മുതലായ അനുഷ്ഠാന കലകൾക്ക് ഉപദേശക സമിതികൾ നിലവിലുള്ള വിവിധ ദേവസ്വങ്ങളിൽ അതാത് ഉപദേശക സമിതിയാണ് പ്രതിഫലം നൽകുന്നത്. സമിതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ അതാത് ദേവസ്വങ്ങളിലെ പതിവിൻപടി നിശ്ചയിച്ചിട്ടുള്ള തുക പ്രതിഫലമായി നൽകുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ബോർഡിന് കീഴിലെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ അതാത് ക്ഷേത്രങ്ങളിലെ ഉത്സവാഘോഷ കമ്മിറ്റികളാണ് നടത്തിവരുന്നത്. മലബാർ ദേവസ്വം ബോർഡ് നേരിട്ട് ഉത്സവങ്ങളൊന്നും നടത്തുന്നില്ല. ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ എന്നിവ അവതരിപ്പിക്കുന്ന കലാകാരൻമാർക്ക് ദക്ഷിണ/പ്രതിഫലം അതാത് ദേവസ്വത്തിൽ നിന്നാണ് നൽകിവരുന്നത്. മലബാർ ദേവസ്വം ബോർഡിൽനിന്നും അനുഷ്ഠാനകലകൾക്ക് നിരക്ക് നിശ്ചയിച്ച് നൽകുകയോ, കലാകാരൻമാർക്ക് ബോർഡ് നേരിട്ട് പ്രതിഫലം നൽകി വരുകയോ ചെയ്യുന്നില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരൻമാർക്ക് പ്രതിഫലം നിശ്ചയിച്ചുനൽകിയിട്ടില്ല. ഗുരുവായൂർ ക്ഷേത്രത്തിൽ ക്ഷേത്രോത്സവ ത്തോടനുബന്ധിച്ച് ക്ഷേത്ര അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്ന സന്ദർഭങ്ങളിൽ കേരള കലാമണ്ഡലം, പി.എസ്.വി. നാട്യസംഘം തുടങ്ങിയ സ്ഥാപനങ്ങൾ രേഖാമൂലം അറിയിക്കുന്നതുപ്രകാരം അനുവദിക്കുകയോ അല്ലാത്തപക്ഷം പ്രസ്തുത കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാരുമായി ദേവസ്വം ഉദ്യോഗസ്ഥർ നേരിൽ സംസാരിച്ച് കലാകാരൻമാരുടെ നിലവാരമനുസരിച്ച് പ്രതിഫലം നിശ്ചയിക്കുകയോ ആണ് ചെയ്തുവരുന്നത്. കൂടൽമാണിക്യം ദേവസ്വത്തിൽ 2014-ലെ ഉത്സവത്തിനോടനുബന്ധിച്ച് കഥകളി കലാകാരൻമാർക്ക് 8 ദിവസത്തേയ്ക്ക് (പാക്കേജ്) 1,55,000 രൂപ നിശ്ചയിച്ച് നൽകിയിട്ടുള്ളതായി ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് കഥകളി, കൂടിയാട്ടം, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, ഹരികഥ മുതലായവയാണ് നടത്താറുള്ളത്. ഒരു പൊതുനിരക്ക് ഇവയ്ക്കൊന്നിനും നിശ്ചയിച്ചിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്കീഴിലെ ക്ഷേത്രങ്ങളിൽ പ്രാദേശിക ഭേദമനുസരിച്ച് കലാരൂപങ്ങൾക്കും കലാകാരൻമാർക്കും അതാത് ക്ഷേത്ര കമ്മിറ്റികളാണ് പ്രതിഫലം നിശ്ചയിച്ച നൽകുന്നത്. നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള ഒരു മാനദണ്ഡം ദേവസ്വങ്ങളിൽ നിലവിലില്ലാത്തതാണ്. ഗുരുവായൂർ ദേവസ്വത്തിൽ ഉത്സവത്തിന്റെ ഭാഗമായി കഴിഞ്ഞകുറേ വർഷങ്ങളായി ഉത്സവം ആരംഭിക്കുന്ന ദിവസം കൊടിയേറ്റത്തിനുശേഷം കഥകളി നടത്തുക പതിവുണ്ട്. ഈ വർഷത്തെ ക്ഷേത്രോത്സവത്തിൽ ഇതിനു പുറമേ ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, കൂടിയാട്ടം തുടങ്ങിയ കലാരൂപങ്ങളും അവതരിപ്പിക്കുന്നു. ഇവർക്ക് സ്ഥിരമായി ഒരു നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതാണ്. ഓരോ വർഷവും ഓരോ പരിപാടിക്കും നിരക്ക് നിശ്ചയിക്കുകയാണ് പതിവ്. കൊച്ചിൻ ദേവസ്വത്തിൽ ക്ഷേത്ര അനുഷ്ഠാന കലകളായ

LIBRARY ARCHIVES Kerala Legislative Assembly

കഥകളി, ഹരികഥ എന്നിവ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരൻമാർക്കുള്ള പ്രതിഫലം നിശ്ചയിച്ചിട്ടില്ല. കൂടൽമാണിക്യം ദേവസ്വത്തിൽ 2014-ലെ ഉത്സവത്തിനോടനുബന്ധിച്ച് കഥകളി കലാകാരൻമാർക്ക് 8 ദിവസത്തേയ്ക്ക് (പാക്കേജ്) 1,55,000 രൂപ, ഓട്ടൻതുള്ളൽ & കറത്തിയാട്ടം (7 ദിവസം) 19,000 രൂപ, പാഠകം 3,800 രൂപ, ചാക്യാർകൂത്ത് 90,000 രൂപ, നങ്ങ്യാർകൂത്ത് 2,460 രൂപ, ബ്രാഹ്മണിപാട്ട് 660 രൂപ എന്നിവ നിശ്ചയിച്ചിരുന്നതായും ആയത് കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നതായും ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

എലത്തൂർ നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ

134 (826) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ എലത്തൂർ നിയോജകമണ്ഡലത്തിലെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുകയും ക്ഷേത്രങ്ങളുടെ പേരും പ്രവർത്തികളുടെ വിശദവിവരങ്ങളും വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾക്കായി 2014-15 വർഷത്തേയ്ക്കുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിക്കുന്നത് മലബാർ ദേവസ്വം ബോർഡ് പരിഗണിച്ചുവരികയാണ്.

മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി

135 (827) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയുടെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി തുടങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാത്തതും കോഴ്സുകൾ തുടങ്ങാത്തതും എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly